(ബി) 29-6-2003-ന് രാത്രി ബാലുശ്ശേരി അങ്ങാടിയിൽ 2 കടകൾക്ക് നേരെ ഉണ്ടായ ആക്രമണത്തോടനുബന്ധിച്ച് കടയുടമയുടെ പരാതി പ്രകാരം ബാലുശ്ശേരി പി.എസിൽ ക്രൈം 208/03/209/03 ആയി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം 208/03 കേസിൽ ഒരു ലക്ഷം രൂപയുടേയും 209/03 നമ്പർ കേസിൽ 85,000 രൂപയുടേയും നഷ്ടം വന്നതായി കണക്കാക്കുന്നു.

(സി) 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവർ ബി.ജെ.പി. അനുഭാവികളാണ്.

വിദ്യാർത്ഥികൾക്ക് നേരെയുള്ള പോലീസ് ലാത്തിച്ചാർജ്ജ്

44 (2996) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ഡോ. തോമസ് ഐസക് :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ നടത്തിയ മാർച്ചിനു നേരെ കണ്ണൂർ, കാസർകോട്, എറണാകുളം, കാഞ്ഞങ്ങാട്, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പെൺകുട്ടികൾ അടക്കമുള്ള വിദ്യാർത്ഥികളെ (മൃഗീയമായി) ലാത്തിച്ചാർജ്ജ് ചെയ്ത സംഭവത്തെപ്പറ്റി സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനെ നേരിടാൻ പോലീസ് ഗ്രനേഡും ജലപീരങ്കിയും കണ്ണീർവാതക ഷെല്ലുകളും പ്രയോഗിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിദ്യാർത്ഥികൾ നടത്തിയ മാർച്ചിനെ നേരിടാൻ ഗ്രനേഡ് ഉപയോഗിക്കേണ്ട സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ലാത്തിച്ചാർജിന്റെ ഫലമായി എത്ര വിദ്യാർത്ഥികൾക്ക് പരിക്കേറ്റിട്ടുണ്ട് ; ഇതു സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിവിധ ജില്ലകളിലായി എത്ര വിദ്യാർത്ഥികളുടെ പേരിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് കേസ് എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ; എത്ര വിദ്യാർത്ഥികളെ റിമാൻഡ് ചെയ്തിട്ടുണ്ട് ; വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ നടത്തിയ സമരം കണ്ണൂരിൽ അക്രമാസക്തമായതിനെത്തുടർന്ന് പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയിരുന്നു. ഇതു സംബന്ധിച്ച് കണ്ണൂർ ടൗൺ പി.എസ്.ക്രൈം നം. 463/2003 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമരം ചെയ്ത വിദ്യാർത്ഥികൾ അക്രമാസക്തരായി പൊതുമുതൽ നശിപ്പിച്ചപ്പോൾ പോലീസ് കണ്ണീർവാതക ഷെല്ലുകളും (ഗ്രനേഡ്) വാട്ടർ കാനൽ ഉപയോഗിച്ച് ജലം ചീറ്റിച്ചും വിദ്യാർത്ഥികളെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 1-7-2003-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിൽ കേന്ദ്രീകരിച്ച 200-ഓളം വിദ്യാർത്ഥികൾ കോളേജിനു മുൻവശം റോഡിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കു നേരെ കല്ലും കുപ്പിച്ചില്ലും നാടൻ ബോംബും വലിച്ചെറിഞ്ഞ് അക്രമാസക്തമായതിനെത്തുടർന്ന് പിരിഞ്ഞു പോകാൻ മെഗാഫോണിലൂടെ നിരന്തരം അറിയിപ്പു നല്കിയിട്ടും പിരിഞ്ഞു പോകാതെ അക്രമപ്രവർത്തനങ്ങൾ തുടരുകയുണ്ടായതിനാലാണ് നിയമാനുസരണം കണ്ണീർവാതക (ഗ്രനേഡ്) ഷെല്ലുകൾ പ്രയോഗിക്കുകയും, വാട്ടർ കാനൽ ഉപയോഗിച്ച് വെള്ളം ചീറ്റുകയും ഉണ്ടായത്.

കണ്ണൂർ ജില്ലയിൽ കളക്ടറേറ്റ് മാർച്ചിനോടനുബന്ധിച്ച് എസ്.എഫ്.ഐ. അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. കെ. കെ. രാഗേഷിന്റെ നേതൃത്വത്തിലുള്ള അഞ്ഞൂറോളം വിദ്യാർത്ഥികൾ പോലീസിനുനേരെ അക്രമാസക്തരാകുകയും കളക്ടറേറ്റ് മതിൽ ചാടിക്കടക്കുകയും ഡോർ ഗ്ലാസ്സുകളും പൂച്ചട്ടികളും നശിപ്പിക്കുകയും, കളക്ടറുടെ ചേമ്പറിൽ അതിക്രമിച്ചു കടക്കുകയും ചെയ്തപ്പോഴാണ് കണ്ണീർ വാതകപ്രയോഗം (ഗ്രനേഡ്) നടത്തിയിട്ടുള്ളത്.

(ഇ) കണ്ണൂർ ജില്ലയിലുണ്ടായ ലാത്തിച്ചാർജ്ജിൽ ഏഴു വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കണ്ണൂർ ടൗൺ പി.എസ്. ക്രൈം നം. 463/03, യു/എസ് 143, 147,148,447,448,332, 308 ആർ/ഡബ്ല്യൂ. 149 ഐ.പി.സി.യും സെക്ഷൻ 3(1) ഓഫ് പി.ഡി.പി.പി. ആക്ട് ആയി അഞ്ഞൂറോളം വിദ്യാർത്ഥികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ഇരുപത്തി ഒന്നുപേരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്.

സമരം ചെയ്ത വിദ്യാർത്ഥികൾക്കു നേരെയുള്ള പോലീസാക്രമണം

45 (2997) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രശ്നങ്ങൾ സ്വകാര്യവൽക്കരണം എന്നിവയ്ക്കെതിരെ സമരം ചെയ്ത എസ്.എഫ്.ഐ.യുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ വിദ്യാർത്ഥികളുടെ നേരെ പോലീസ് അഴിച്ചുവിട്ട ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോലീസ് ആക്രമണത്തിൽ സംസ്ഥാനത്തുടനീളം എത്ര വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റിയെന്ന് വ്യക്തമാക്കുമോ ; അവർ ആരെല്ലാം ;

(സി) വിദ്യാർത്ഥികൾക്കെതിരെയുള്ള പോലീസ് ആക്രമണം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(ഡി) വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കുനേരെ എത്ര കമ്പനിയുടെ ഗ്രനേഡുകളാണ് ഉപയോഗിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly